# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150
General Secretary : 9446138868 (Personal)


**Circular No.: M/C/08/ 2023**

**Date : 28.10.2023**

## അഖില മലങ്കര സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉപന്യാസ മത്സരം 2023 നവംബർ 19 ഞായർ

നമ്മുടെ പരി. സഭയുടെ ആഭിമുഖ്യത്തിൽ എല്ലാവർഷവും ഡിസംബർ 26 മുതൽ 31 വരെ പുത്തൻകുരിശിൽ വച്ച് അഖില മലങ്കര സുവിശേഷ മഹായോഗം നടന്നുവരികയാണല്ലോ. സുവിശേഷ മഹായോഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ചിന്താവിഷയം ആസ്പദമാക്കി ഒരു ഉപന്യാസ മത്സരം സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ടത് ഓർക്കുമല്ലോ. ഈ വർഷവും ചിന്താവിഷയത്തെ ആസ്പദമാക്കി അഖില മലങ്കര അടിസ്ഥാനത്തിൽ സൺഡേസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ഒരു ഉപന്യാസ മത്സരം നടത്തുന്നതിനു ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്ന് സുവിശേഷ യോഗം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഏലിയാസ് മോർ അത്താനാസിയോസ് തിരുമേനി കല്പന മൂലം ജനറൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഉപന്യാസ മത്സരത്തിന്റ നിബന്ധനകൾ താഴെ ചേർത്തിട്ടുണ്ട്. എല്ലാ സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്റർമാരും ഡിസ്ട്രിക്റ്റ് ഭദ്രാസന മേഖല എം.ജെ.എസ്.എസ്.എ. ഭാരവാഹികളും ഇക്കാര്യത്തിൽ ആത്മാർത്ഥമായി സഹകരിച്ച് വിജയപ്രദമാക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ഉപന്യാസ മത്സരത്തിന്റെ ജനറൽ കൺവീനറായി അഖില മലങ്കര സുവിശേഷ യോഗം ചുമതലപ്പെടുത്തിയിരിക്കുന്നത് തോമ്പ്രയിൽ ഷെവ. ടി. ടി. ജോയി സാറിനെയാണ്. ഉപന്യാസത്തെ സംബന്ധിച്ച് കൂടുതൽ അറിയുന്നതിന് സാറുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ : 9447141988. അഖില മലങ്കര സുവിശേഷ മഹായോഗത്തിനു വേണ്ടിയും പരി. സഭയ്ക്കുവേണ്ടിയും എല്ലാവരും മുട്ടിപ്പായി പ്രാർത്ഥിക്കുകയും കഴിയുന്നത്ര ദിവസങ്ങൾ സുവിശേഷ യോഗത്തിൽ വന്നു സംബന്ധിച്ച് സഹകരിക്കുകയും ചെയ്യണം.

എന്ന്,

ജനറൽ സെക്രട്ടറി
പി. വി. ഏലിയാസ്

1. ചിന്താവിഷയം : **എഫേസ്യർ 6:14 – "ആകയാൽ എഴുന്നേല്പിൻ"** ഉപന്യാസ വിഷയം ഇതുതന്നെ ആണ്.
2. വിജയികൾക്ക് ക്യാഷ് അവാർഡും ഫോട്ടോ പതിച്ച മെമെന്റോ ഡിസംബർ 31-ാം തീയതി സുവിശേഷ യോഗ പന്തലിലെ സ്റ്റേജിൽ വച്ച് നൽകുന്നതാണ്. Ist Rs. 5000/-, IInd Rs. 4000/-, IIIrd Rs. 3000/-, IVth Rs. 2000/-, Vth Rs. 1000/-
3. സൺഡേസ്ക്കൂളിൽ 7-ാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെ പഠിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്.
4. ഉപന്യാസ വിഷയം സംബന്ധിച്ച് വിദ്യാർത്ഥിക്ക് ആവശ്യമായ എല്ലാ കാര്യങ്ങളും അദ്ധ്യാപകർ, മാതാപിതാക്കൾ എന്നിവരിൽ നിന്നും തേടാവുന്നതാണ്.
5. നവംബർ മാസം 19-ാം തീയതി ഞായറാഴ്ച അവരവർ പഠിക്കുന്ന സൺഡേസ്ക്കൂളിൽ വച്ച് ഹെഡ്മാസ്റ്ററുടെ ചുമതലയിൽ ഉപന്യാസ മത്സരം നടത്തേണ്ടതാണ്. വിദ്യാർത്ഥി സ്വന്തം കൈപ്പടയിൽ തന്നെ ഉപന്യാസം എഴുതേണ്ടതാണ്. ആവശ്യമായ ബൈബിൾ റഫറൻസുകൾക്കായി വിശുദ്ധഗ്രന്ഥം കൈവശം സൂക്ഷിക്കാവുന്നതാണ്.
6. ഉപന്യാസം 2 പേജിൽ കുറയുകയോ 2 ½ പേജിൽ കൂടുകയോ ചെയ്യുവാൻ പാടില്ല.
7. ഉപന്യാസ വിഷയുമായി ബന്ധപ്പെട്ട് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും 10 വാക്യങ്ങൾ വരെ എഴുതാവുന്നതാണ്. തെറ്റു കൂടാതെ എഴുതുന്ന ഓരോ വാക്യത്തിനും 3 മാർക്ക് വീതം ലഭിക്കുന്നതാണ്. പരമാവധി 30 മാർക്ക്.
8. വിഷയവുമായി ബന്ധപ്പെട്ട് വേദപുസ്തകത്തിൽ നിന്നും സമാനമായിട്ടുള്ള രണ്ട് ഉദാഹരണങ്ങൾ എഴുതാവുന്നതാണ്. ഓരോന്നിനും 5 മാർക്ക് വീതം പരമാവധി 10 മാർക്ക്.
9. വിഷയവുമായി ബന്ധപ്പെട്ട് സുവിശേഷ ഗാനങ്ങളിൽ നിന്നും 4 വരി വീതം 2 എണ്ണം എഴുതാവുന്നതാണ്. ഓരോ

ന്നിനും 5 മാർക്ക് വീതം പരമാവധി 10 മാർക്ക്.

10. നല്ല കൈ അക്ഷരത്തിനു പരമാവധി 5 മാർക്ക്.

11. ഖണ്ഡികകളായി ഉപന്യാസം എഴുതേണ്ടതാണ്. ഉപന്യാസത്തിന്റെ ആത്മീക, ലൗകിക അർത്ഥങ്ങളും, പദ പ്രയോഗങ്ങളും, ആശയ സമ്പൂർണ്ണതയും വിഷയം ഒരു സഭാ വിശ്വാസിക്ക് എപ്രകാരം പ്രയോജപ്പെടും എന്ന ഉപസംഹാരത്തോടെ പൂർത്തീകരിക്കേണ്ടതാണ്. പരമാവധി 45 മാർക്ക്.

12. മൊത്തം മാർക്ക് 100 ആയിരിക്കുന്നതാണ്.

13. ഹെഡ്മാസ്റ്റർ ചുമതലപ്പെടുത്തുന്ന അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഉപന്യാസം എഴുതിക്കേണ്ടതാണ്. വരയിടാത്ത പേപ്പറിൽ സൺഡേസ്ക്കൂൾ സീൽ വച്ച് ഉപന്യാസം എഴുതുവാൻ വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, സൺഡേസ്കൂൾ, ഡിസ്ട്രിക്റ്റ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്. സമയം 30 മിനിറ്റ്.

14. സൺഡേസ്ക്കൂൾ തലത്തിൽ ലഭിക്കുന്ന ഉപന്യാസങ്ങൾ അതേ സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്ററുടെ ചുമതലയിൽ മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം മാർക്കുകൾ നൽകി വാല്യുവേഷൻ നടത്തി ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ പേപ്പറുകൾ നവംബർ 26-ാം തീയതി ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർക്ക് നൽകേണ്ടതാണ്. ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറുടെ ചുമതലയിൽ ഡിസ്ട്രിക്റ്റിലെ സൺഡേസ്ക്കൂളുകളിൽ നിന്നും ലഭിക്കുന്ന 1, 2 സ്ഥാനപേപ്പറുകൾ പരിശോധിച്ച് 1 ഉം, 2 ഉം സ്ഥാനം ലഭിക്കുന്നവരുടെ പേപ്പറുകൾ ഡിസംബർ 5 ന് ഭദ്രാസന/മേഖല ഡയറക്ടർമാരെ എൽപ്പിക്കേണ്ടതാണ്. ഭദ്രാസന ഡയറക്ടർമാരുടെ ചുമതലയിൽ ടി പേപ്പറുകൾ നോക്കി 1 ഉം, 2 ഉം സ്ഥാനക്കാരുടെ പേപ്പറുകൾ ഡിസംബർ 12-ന് നകം എം.ജെ.എസ്.എസ്.എ.യിൽ എത്തിക്കേണ്ടതാണ്. എം.ജെ.എസ്.എസ്.എ. ജനറൽ സെക്രട്ടറിയുടെയും ജനറൽ കൺവീനറുടെയും ചുമതലയിൽ ടി പേപ്പറുകൾ നോക്കി 1 മുതൽ 5 സ്ഥാനക്കാരെ തെരഞ്ഞെടുക്കുന്നതാണ്. ഡിസംബർ 19 നു ജനറൽ കൺവീനർ സമ്മാനാർഹരെ അറിയിക്കുന്നതാണ്.

15. വിജയികൾക്ക് ഡിസംബർ 31-ാം തീയതി അഖില മലങ്കര സുവിശേഷ യോഗത്തിലെ സ്റ്റേജിൽ വച്ച് ശ്രേഷ്ഠ കാതോലിക്ക ബാവായും സുവിശേഷ സംഘം പ്രസിഡന്റ് തിരുമേനിയും ചേർന്ന് മറ്റു മെത്രാപ്പോലീത്തന്മാരുടെയും വിശിഷ്ട വ്യക്തികളുടെയും സാന്നിദ്ധ്യത്തിൽ ക്യാഷ് അവാർഡും മെമെന്റോകളും നൽകുന്നതാണ്.

**അഖില മലങ്കര സുവിശേഷം സംഘം പ്രസിഡന്റ്**

**ഡോ. ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത**

**എം. ജെ. എസ്.എസ്.എ. ജനറൽ സെക്രട്ടറി**

**പി. വി. ഏലിയാസ്**

**ഉപന്യാസ മത്സരം ജനറൽ കൺവീനർ**
**ഷെവ. ടി. ടി. ജോയി തോമ്പ്ര**

**ഫോൺ : 9447141988.**